"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - 16/10/2007 ൽ തിരുവനന്തപുരം നെടുമങ്ങാട് ഗവ എൽ.പി സ്കൂളിന്റെ ചുറ്റമതിൽ ഇടിഞ്ഞുവീണ് പരിക്കേറ്റ ശ്രീമതി.ശാന്ത കുമാരി എന്ന വ്യക്തിയ്ക്ക് നഷ്ടപരിഹാര തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

G.O.(Rt)No.7759/2024/GEDN തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:-
1. ബഹു.നെടുമങ്ങാട് സബ് കോടതിയുടെ ഒ.എസ്.നം.224/2009 മേലുള്ള 08/03/2013 തീയതിയിലെ വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/09/2024 തീയതിയിലെ ഡബ്ല്യു2/1408/2019/ഡി.ജി.ഇ നമ്പർ കത്ത്.
3. ധനകാര്യ വകുപ്പിന്റെ 18-10-2024 തീയതിയിലെ സ.ഉ.(സാധാ) നം. 7744/2024/ധന

<u>ഉത്തരവ്</u>

16/10/2007 ൽ നെടുമങ്ങാട് ടൗൺ എൽ.പി.എസ് ന്റെ ചുറ്റമതിൽ തകർന്നുണ്ടായ അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ശ്രീമതി. ശാന്തകുമാരി ബഹു.നെടുമങ്ങാട് സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ് 224/2009 മേലുള്ള ബഹു.കോടതിയുടെ പരാമർശം (1) വിധിന്യായത്തിൽ 4,63,000/- രൂപയും (നാല് ലക്ഷത്തി അറുപത്തി മൂവായിരം രൂപ മാത്രം) ഇതിന് പുറമേ 25/04/2009 മുതൽ 11/11/2018 വരെ 9 വർഷത്തെ 6% പലിശയും ചേർത്ത് 7,57,890/- രൂപ (ഏഴ് ലക്ഷത്തി അമ്പത്തിയേഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) ഈടാക്കി കിട്ടാൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണെന്നും പ്രസ്തുത തുക അടിയന്തരമായി കോടതിയിൽ കെട്ടിവെച്ച് അറ്റാച്ച്മെന്റ് നടപടിയിൽ നിന്നും ഒഴിവാകുന്നതിന് നെടുമങ്ങാട് അസിസ്റ്റന്റ് ഗവൺമെന്റ് പ്ലീഡർ തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും ആയതിനാൽ അറ്റാച്ച്മെന്റ് നടപടികൾ ഒഴിവാക്കുന്നതിന് കോടതിയിൽ കെട്ടിവക്കുന്നതിലേയ്ക്കായി ശ്രീമതി.ശാന്തകുമാരിക്ക് അനുവദിക്കേണ്ട നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 16/10/2007 ൽ തിരുവനന്തപുരം നെടുമങ്ങാട് ഗവ .എൽ.പി സ്കൂളിന്റെ ചുറ്റമതിൽ പ്രകൃതിക്ഷോഭത്തിൽ തകർന്നുണ്ടായ അപകടത്തെ ഇടർന്ന് പരിക്കേറ്റ ശ്രീമതി.ശാന്ത കുമാരി എന്നയാൾക്ക് പരാമർശം (1) പ്രകാരമുള്ള വിധിന്യായപ്രകാരം പൊതുവിദ്യാഭ്യാസ

വകുപ്പ് അനുവദിക്കണമെന്ന് ഉത്തരവായിട്ടുള്ള നഷ്ടപരിഹാര തുകയായ 4,63,000/- രൂപ 25/04/2009 മുതൽ 11/11/2018 വരെ 9 വർഷത്തെ 6% പലിശയും ചേർത്ത് ആകെ 7,58,000/-രൂപ (ഏഴ് ലക്ഷത്തി അമ്പത്തി എണ്ണായിരം രൂപ മാത്രം) ''2202-02-001-99-34-03-2-NC'' എന്ന കണക്ക് ശീർഷകത്തിൽനിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3) ബഹു.നെടുമങ്ങാട് സബ് കോടതിയുടെ ഒ.എസ്.നം.224/2009 മേലുള്ള 08/03/2013 തീയതിയിലെ വിധിന്യായം മേൽപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
UNDER SECRETARY

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
2. ജില്ലാ കളക്ടർ, തിരുവനന്തപുരം
3. അഡിഷണൽ ഗവണ്മെന്റ് പ്ളീഡർ,
നെടുമങ്ങാട്, തിരുവനന്തപുരം
4. ശ്രീമതി. ശാന്തകുമാരി അമ്മ, വെള്ളനാട് , വാളിയറ, നെടുമങ്ങാട് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
5. അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം .
6. പ്രധാന അധ്യാപകൻ , നെടുമങ്ങാട് ഗവ .എൽ .പി .എസ്
തിരുവനന്തപുരം.

7.എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ് ,തിരുവനന്തപുരം

(പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

8. വിവര പൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ്

9.സ്റ്റോക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sajitha V
Date: 30-10-2024 16:57:41
സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
3. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.